കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in
തീയ്യതി :18.01.2019

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1/2019 തീയതി: 18.01.2019

## കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.07.2017മുതൽ 07.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 15.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീഷ് കുമാർ.കെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈന.എ.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദിശ.ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജിഷ സാമുവൽ | |
| | ശ്രീ.വിജേഷ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അശോകൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ജയരാജൻ.പി | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ശ്രീ.അവിനാഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.രഞ്ജിത്ത് | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാമചന്ദ്രൻ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലേഖ | 01.04.2017 മുതൽ 17.07.2017 വരെ |
| | ശ്രീമതി.അനിത | 18.07.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി.വിജല | 30.11.2017 മുതൽ 31.03.2018 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.വത്സൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.നിഷ | 01.04.2017 മുതൽ 30.09.2017 വരെ |
| | ഡോ.നീതു ദിവാകർ | 01.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സജിത | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സിന്ധു.കെ.പി | 01.04.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രദീപൻ.എം. | 01.04.2017 മുതൽ 06.11.2017 വരെ |
| | ശ്രീമതി. അനിത | 06.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സൂരജ് | 01.04.2017 മുതൽ 31.03.2018 വരെ |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | ശ്രീ.ശാന്തകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക |
|---|---|---|
| | ഭാഗം-1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെഅപാകതകൾ | 1-12 |
| | ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | രസീറ്റ് സൂക്ഷിപ്പിലെ അപാകതകൾ | 2-1 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | കരാറുകാരന് നികുതിയിനത്തിൽ അധിക തുക അനുവദിച്ചു | 3-1 |
| 16 | എ.കെ.ജി മുക്ക് ഇയ്യക്കണ്ടി മുക്ക് റോഡ് പ്രവർത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകിയില്ല | 3-2 |
| 17 | പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധതമായി പ്രവൃത്തി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു. | 3-3 |
| 18 | പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് നികുതി ഈടാക്കുന്നത് സംമ്പന്ധിച്ച് | 3-4 |
| 19 | പൊതു മരാമത്ത് പ്രവർത്തി -എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവർത്തന കലണ്ടർ -അപാകതകൾ | 3-5 |
| 20 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |
| 21 | പഞ്ചായത്തിലേയ്ക്കും, ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടർ വാങ്ങൽ - നടപടിയിലെ അപാകതകൾ | 3-7 |
| 22 | പ്രോജക്ടുകൾ നടപ്പിലാക്കാൻ കാലതാമസം-വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. | 3-8 |
| 23 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് – മുഴുവൻ തുകയും ലഭ്യമായില്ല. | 3-9 |
| 24 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം കുറവ് പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല | 3-10 |
| 25 | ആയുർവ്വേദ ആശുപത്രിക്കു മരുന്നു വാങ്ങൽ - മരുന്നുകൾ മുഴുവനും ലഭിച്ചിട്ടില്ല. | 3-11 |
| 26 | സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത തുക തിരികെ നൽകിയില്ല | 3-12 |
| 27 | ഒ.ഡി.എഫ്. ഫണ്ട് ലഭിച്ചത് വികസനഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയില്ല | 3-13 |
| 28 | വീട് വാസയോഗ്യമാക്കൽ (ജനറൽ) - ചെലവഴിക്കാത്ത തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടച്ചില്ല | 3-14 |
| 29 | ശമ്പള പരിഷ്കരണം - പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-15 |
| 30 | സാക്ഷരതാ പ്രേരക്മാർക്ക് ഹൊണറേറിയം- വിശദാംശം ലഭ്യമാക്കേണ്ടതാണ് | 3-16 |
| 31 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നില്ല. | 3-17 |
| 32 | ഇ.എം.ഡി.തുക അക്കൗണ്ടിൽ നിക്ഷേപിയാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു | 3-18 |
| 33 | പഞ്ചായത്തിലെ സാധന സാമഗ്രികൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3-19 |
| 34 | തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വാങ്ങൽ അപാകതകൾ | 3-20 |

| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 35 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപം | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.03.2018 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 15.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06.06.2018 മുതൽ 08.06.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.<br>/ഇ2/1111/2018(11) |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,91,04,696 |
| വരവ് | 7,22,30,154 |
| ആകെ | 9,13,34,850 |
| ചെലവ് | 8,44,58,090 |
| നീക്കിയിരിപ്പ് | 68,76,760 |

വാർഷിക കണക്ക പ്രകാരം 68,76,760/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2017-18 വർഷത്തിലും, മുൻവർഷങ്ങളിലുമായി സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാത്തതും, മുൻവർഷം ഒ.ഡി.എഫ് പ്രോജക്ടിനായി ചെലവഴിച്ച തുക കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചത് വികസനഫണ്ടിലേക്ക് തിരിച്ചടവാക്കാത്തതും ഉൾപ്പെട്ടതാണ് ഈ തുക. ഇത് സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -- | 1,62,37,000 | 1,62,37,000 | 1,62,37,000 | -- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -- | 52,26,806 | 52,26,806 | 52,26,806 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -- | -- | -- | -- | -- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -- | 36,45,000 | 36,45,000 | 36,45,000 | -- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -- | 59,70,000 | 59,70,000 | 59,70,000 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | -- | 76,26,079 | 76,26,079 | 76,26,079 | -- |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | -- | 11,291 | 11,291 | 11,291 | -- |
| ദുരിതാശ്വാസനിധി | | -- | 1200 | 1200 | 0 | 1200 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | -- | 1,55,19,276 | 1,55,19,276 | 1,55,19,276 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2617 | 7,87,465 | 7,90,082 | 7,86,303 | 3,779 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സാനിറ്റേഷൻ | | 15,13,664 | 1,70,701 | 16,84,365 | -- | 16,84,365 |
| സാക്ഷരത | | 14,23,793 | 3,69,079 | 17,92,872 | 6,22,141 | 11,70,731 |
| പൈക്ക | | 2,82,006 | 10,504 | 2,92,510 | -- | 2,92,510 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -- | 26,94,689 | 26,94,689 | 15,10,167 | 42,512 (37,92,010 രൂപ സർക്കാരിലേക്ക് എടുത്തു) |
| | ജില്ലാ പഞ്ചായത്ത് | -- | 30,72,504 | 30,72,504 | 4,22,504 | |
| ബി ഫണ്ട് | | -- | 5,21,44,380 | 5,21,44,380 | 5,21,44,380 | -- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,04,08,388 | 1,24,00,137 | 2,28,08,525 | 2,32,07,039 | -3,98,514 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | | 53,98,568 | 1,28,77,756 | 1,82,76,324 | 1,45,38,407 | 37,37,917 |
| മറ്റിനം | | 9,428 | 2,83,710 | 2,93,138 | 649 | 2,92,489 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 7,65,68,191 | 125 | 5,09,30,111 | 25 | 47 | 76% |

2017-18 വർഷം പഞ്ചായത്തിനു ലഭിച്ച പദ്ധതി ഫണ്ട് മുഴുവനായി ചെലവഴിച്ചിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികളുൾപ്പെടുത്തി വാർഷിക പദ്ധതി യഥാസമയം തയ്യാറാക്കിയെങ്കിലും, സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണവും, തുക നൽകലും വർഷാവസാനത്തിൽ മാത്രം നടക്കുന്നതിനാൽ, തൻവർഷത്തിൽ പുതുതായി വിഭാവനം ചെയ്ത് നടപ്പാക്കിയ പല പദ്ധതികൾക്കും പണം തികയാത്ത അവസ്ഥയുണ്ടായി. സ്പിൽ ഓവർ പ്രവർത്തികൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ചിരുന്നെങ്കിൽ മുൻവർഷ പദ്ധതികൾക്കുള്ള പദ്ധതി ചെലവിന് സർക്കാരിൽ നിന്ന് അധിക ഫണ്ട് ലഭിക്കുമായിരുന്നു. ഇതിനായി യാതൊരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

പഞ്ചായത്തിനെ പൂർണ്ണ 'ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ' ആക്കുന്നതിന്റെ ഭാഗമായി തൻവർഷം സർക്കാരിന്റെ പ്രത്യേക അനുമതിയോടെ നിലവിൽ പൊട്ടിപൊളിഞ്ഞ് ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുള്ള മുഴുവൻ പേർക്കും പുനരുദ്ധാരണം നടത്തി ഉപയോഗയോഗ്യമാക്കുന്നതിന് ശുചിത്വ കുളിമുറി എന്ന പദ്ധതി തയ്യാറാക്കുകയും, ഇത് വിജയകരമായി വി.ഇ.ഒ. നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2617 | 7,87,465 | 7,90,082 | 7,86,303 | 3,779 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 1,55,19,276 | 1,55,19,276 | 1,55,19,276 | -- |
| | 2,617 | 1,63,06,741 | 1,63,09,358 | 1,63,05,579 | 3,779 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,42,680 | 242 |
| കർഷകതൊഴിലാളി പെൻഷൻ | 60,06,600 | 538 |
| വിധവാപെൻഷൻ | 1,52,13,700 | 1351 |
| വാർദ്ധക്യകാലപെൻഷൻ | 2,48,81,900 | 2215 |
| വികലാംഗപെൻഷൻ | 39,91,200 | 371 |
| 50 വയസ്സിനു മുകളിലുള്ള | 12,48,300 | 156 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹധനസഹായം | 6,60,000 | 22 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 88,991രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തെ കുറിച്ച് പരിശോധിച്ചതിൽ, കാര്യാലയത്തിലെ ജീവനക്കാർക്ക് ജോലി 30.9.2016 ലെ എ6/2016 നമ്പർ ഉത്തരവ് പ്രകാരം കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ഡിസ്ട്രിബ്യൂഷന്റെ പ്രിന്റ് എടുത്ത് സെക്ഷനുകൾ ഒപ്പിട്ട് തപാലുകൾ സ്വീകരിക്കുന്നു. തപാലുകളിൽ സ്വീകരിക്കുന്ന നടപടികൾ സൂചിക സോഫ്റ്റ് വെയറിൽ കൂടി അറിയാമെന്നതിനാൽ തൻപതിവേട് സൂക്ഷിക്കുന്നില്ല. 2018 ആഗസ്റ്റ് മാസം മുതൽ മാത്രമാണ് സൂചിക ഉപയോഗിച്ചു തുടങ്ങിയിട്ടുള്ളത്. ചില സാങ്കേതിക പ്രശ്നങ്ങളാൽ തീർപ്പാക്കിയതിനു ശേഷവും തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകളുടെ എണ്ണം കൃത്യമായി സൂചികയിലൂടെ ലഭ്യമാകുന്നില്ലയെന്നും പ്രശ്നം പരിഹരിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്.

കാര്യാലയത്തിലെ ഹാജർ രജിസ്റ്റർ, ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എല്ലാ മാസവും ജീവനക്കാരുടെ മീറ്റിംഗ് കൂടുന്നുണ്ട്. പ്രധാനപ്പെട്ട കാര്യങ്ങൾ ഓഫീസ് ഉത്തരവു മുഖേന നൽകുന്നതായും കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.04.2018 to 18.04.2018 | ഫിബ്രവരി 2018 | PAU/PAT1/chy/02/18 dt.17.04.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.09.17 to 16.09.17 | 2012-13 to 2016-17 | LBA(HQ)VI/8A-2691/229, Dt.30.10.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. സാക്ഷരത ഗ്രാന്റിനത്തിൽ തൻവർഷം വരവില്ലെങ്കിലും വാർഷിക കണക്കിൽ (RP-31) 14,992/- രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.
2. തൻവർഷം സംയുക്ത പദ്ധികൾക്കായി ജില്ല പഞ്ചായത്തിൽ നിന്നും 30,72,504/- രൂപ (Capital Expenditure + Revenue Expenditure) ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 4,22,504/- രൂപ പദ്ധതികൾക്കായി ചെലവഴിച്ച (IKM ചെലവ് പത്രിക പ്രകാരം). അതായത് 26,50,000/- രൂപയാണ് (30,72,504 −4,22,504) നീക്കിയിരിപ്പായി

വരേണ്ടത്. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരിപ്പായി 48,06,985/- (Capital Expenditure + Revenue Expenditure) രൂപ അവശേഷിക്കുന്ന (B-4).

3. തൻവർഷം സംയുക്ത പദ്ധികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 26,94,689/- രൂപ (Capital Expenditure + Revenue Expenditure) തുക ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 13,85,167/- രൂപ പദ്ധതികൾക്കായി ചെലവഴിച്ച (I.K.M. ചെലവ് പത്രിക പ്രകാരം). അതായത് 13,09,522/- രൂപ (26,94,689 – 13,85,167) നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരിപ്പായി 12,08,999/- (Capital Expenditure + Revenue Expenditure) രൂപ അവശേഷിക്കുന്ന(B-4).

4. തനതു ഫണ്ടിന്റെ റീ കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ 4,750/- രൂപയുടെ ചെക്ക് (നം.35453 തീയതി : 23.10.2017) വരവ് വന്നതായും ബാങ്കിൽ കലക്ഷൻ ആകാതിരിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക സംബന്ധിച്ച വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ വെബ്സൈറ്റ് പ്രകാരം 17,31,900/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഇത് 12,48,300/- രൂപയാണ് രേഖപ്പെടുത്തിയത്.

7. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീറ്റ് സൂക്ഷിപ്പിലെ അപാകതകൾ

1) എല്ലാ രസീതു ബുക്കുകളും സ്റ്റോക്കിലെടുക്കുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്, എന്നാൽ ഇവ സ്റ്റോക്കിലെടുക്കുമ്പോഴോ വിതരണം നടത്തുമ്പോഴോ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.രസീറ്റ് ബുക്ക് നം. 2940, 34784, 2938, 26731, 26729, 26732, 26733, 2938, 26724, 26736.

2) ഒരേ സമയം ഒന്നിലധികം രസീറ്റ് ബുക്കുകൾ അനുവദിക്കുന്നു. ഇതിനാൽ ഒരേസമയം രണ്ട് ബുക്കുകൾ ഉപയോഗിക്കുകയും കാലാവധി അവസാനിക്കുമ്പോൾ ബുക്കുകളിലെ ബാക്കി പേജുകൾ ക്യാൻസൽ ചെയ്യേണ്ടതായും വരുന്നു. ഉദാ- ശ്രീമതി.രജിതയ്ക്ക് 20/09/2017ന് രണ്ട് രസീതുബുക്കുകൾ അനുവദിച്ചിരിക്കുന്നു (ബുക്ക് നം. 18602,18603) എന്നാൽ 18602 ൽ 47 പേജ് വരെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. 18603 ൽ വെറും 3 പേജും മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. 2018 മാർച്ച് 31 ന് ശേഷം ഈ ബുക്കുകൾ ക്യാൻസൽ ചെയ്യുകയും ചെയ്തു.

3) രസീറ്റ് ബുക്കിലെ തീയതികൾ തിരുത്തൽ വരുത്തിയതായി കാണുന്നു. ഉദാ- ശ്രീമതി.രജിതയ്ക്ക് അനുവദിച്ച രസീത് ബുക്കായ 34784 ലെ രസീപ്റ്റ് 1,2,10,11,12,13,14,15,16,17 എന്നിവയിൽ തീയതികൾ തിരുത്തിയതായി കാണുന്നു.

4) ഓഫീസ് രസീറ്റ് ബുക്കിലെ കലക്ഷനുകൾ ഒടുക്കുന്നുണ്ടെങ്കിലും അവ ഇന്ററപ്റ്റ് ചെയ്യുന്നില്ല. ഉദാ- രസീറ്റ് ബുക്ക് നം 34787 ലെ രസീറ്റ് 18 മുതൽ 29 വരെയുള്ള 24/7/17 ലെ കലക്ഷൻ ഇന്ററപ്റ്റ് ചെയ്തിട്ടില്ല കൂടാതെ ഇത് കലക്ഷൻ രജിസ്റ്ററിലും എഴുതിയിട്ടില്ല.

5.വെറ്റിനറി സർജന് അനുവദിച്ച രസീതുബുക്കുകളിലെ കലക്ഷൻ തുക അടവാക്കിയതിൽ കുറവ്

a) രസീറ്റ് ബുക്ക് 18607ലെ രസീറ്റ് നം 17 പ്രകാരമുള്ള 23/11/2017 ലെ കലക്ഷൻ തുക 500/- രൂപ ഒടുക്കിയിട്ടില്ല.ഈ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/17-18 ന്റെ അടിസ്ഥാനത്തിൽ 15/12/2018 തീയതിയിൽ 118030106693 നമ്പർ രസീതു പ്രകാരം 500/-രൂപ അടവാക്കി.

b) രസീറ്റ് ബുക്ക് 18610 (പേജ് നം 37 മുതൽ 100 വരെ), ബുക്ക് 18611 (പേജ് നം 30 മുതൽ 100 വരെ), ബുക്ക് 18612 (പേജ് നം 16 മുതൽ 100 വരെ),ബുക്ക് 18614 (പേജ് നം 1 മുതൽ 100 വരെ), ബുക്ക് 18615(പേജ് നം 1 മുതൽ 5 വരെ) എന്നീ രസീറ്റുകളിലെ ആകെ കലക്ഷൻ 162500/- രൂപയാണ്. എന്നാൽ 25/11/17 ലെ സാംഖ്യ

രസീത് നംബർ 117030105513പ്രകാരം 160000/- രൂപയാണ് ഒടുക്കിയിരിക്കുന്നത്. 2500/- രൂപ കുറവായാണ് തുക ഒടുക്കിയത്. ഈ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/17-18 ന്റെ അടിസ്ഥാനത്തിൽ 15/12/2018 തീയതിയിൽ 118030106692 നമ്പർ രസീതു പ്രകാരം 2500/- രൂപ അടവാക്കി.

c) കൃഷി ഓഫീസർക്ക് അനുവദിച്ച രസീതുബുക്കുകളിലെ കലക്ഷൻ തുക അടവാക്കിയതിൽ കുറവ്

കൃഷി ഓഫീസിലെ 2/8/17 ലെ കലക്ഷൻ തുകയിൽ 46/- രൂപയും 28/11/17 ലെ കലക്ഷൻ തുകയിൽ 140/- രൂപയും പഞ്ചായത്തിൽ ഒടുക്കിയതിൽ കുറവുണ്ട്. ഈ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/17-18 ന്റെ അടിസ്ഥാനത്തിൽ 15/12/2018 തീയതിയിൽ 118030106704നമ്പർ രസീതു പ്രകാരം 186/- രൂപ അടവാക്കി.

രസീതു ബുക്കുകൾ വിതരണം നടത്തുന്നതിലും രസീറ്റുകൾ എഴുതുന്നതിലും രസീറ്റ് പ്രകാരമുള്ള തുകകൾ ഒടുക്കുന്നതിലും കൃത്യമായ പരിശോധനകൾ സൂപ്പർവൈസറി ഓഫീസർമാരിൽ നിന്നും ഉണ്ടാവുന്നില്ല എന്ന് മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(22/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 തൊഴിൽ നികുതി അപാകതകൾ

പഞ്ചായത്തിലെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ ചുവടെ കൊടുത്തപ്രകാരം അപാകതകൾ കാണുന്നു.

1.തൊഴിൽ നികുതി റിട്ടേൺ ഫോറത്തിൽ വരുമാനം കുറച്ച് കാണിക്കുന്നു.

പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിവരുന്ന ചുവടെ പരാമർശിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കുന്ന നികുതി റിട്ടേൺ ഫോറത്തിൽ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടേയും അർദ്ധ വാർഷിക വരുമാനമായി കാണിച്ചിരിക്കുന്നത് സാമാന്യ നീതിക്കും മിനിമം വേജസ് ആക്റ്റിനും നിരക്കാത്തതായ കുറഞ്ഞ വേതനമാണ്.

1) ഇലാഹിയ ഹയർസെക്കന്ററി സ്കൂൾ, കാപ്പാട്

2) ലോട്ടസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ

3) മർക്കസ് പബ്ലിക് സ്കൂൾ

4) എം എസ് എസ് പബ്ലിക് സ്കൂൾ, വെങ്ങളം

ഇതിൽ ഇലാഹിയ ഹയർസെക്കന്ററി സ്കൂളിലെ 45 ജീവനക്കാരിൽ പ്രിൻസിപ്പാളിനും ഹെഡ്മാസ്റ്റർക്കും 6000/- രൂപ വീതവും ഹയർസെക്കന്ററി അദ്ധ്യാപകർക്ക് 4500/- രൂപയും എച്ച്. എസ്.എ യ്ക്ക് 3000/- രൂപയും യു.പി.എസ്.എ യ്ക്കും, ക്ലർക്കിനും 2000/- രൂപയും ആയയ്ക്കും, ഓഫീസ് അറ്റന്റന്റിനും 1800/- രൂപയും വീതമാണ് മാസ വരുമാനമായി കാണിച്ചിരിക്കുന്നത്.

2.സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി & ഒ ലൈസൻസ് അപേക്ഷയിൽ ലൈസൻസ് ഉടമ സമർപ്പിക്കുന്ന സത്യവാങ്ങ്മൂലത്തിലെ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണത്തിന് അനുസൃതമായി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ഡി & ഒ ലൈസൻസ് നം | കെട്ടിട നമ്പർ | ലൈസൻസ് ഉടമ, സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 92 | 11/228 | മമ്മത് കോയ ടി.പി, ക്രസന്റ് ഹൗസ്, "ക്രസന്റ് ഐെസ്പ്ലാന്റ് " | 46 |
| 2 | 16 | 6/56 മുതൽ 6/61 വരെ | രാധിക.ഒ, തെക്കെ നീലിപ്പറമ്പത്ത്, "ബ്ളൂഫോക്സ് ഗാർമെന്റ്സ് " | 5 |
| 3 | 17 | 2/363,2/364 | രാധിക.ഒ, തെക്കെ നീലിപ്പറമ്പത്ത്, "ബ്ളൂഫോക്സ് ഗാർമെന്റ്സ് " | 5 |
| 4 | 13 | 14/321 | മൊയ്തീൻ കോയ.ടി, (എം.ഡി), "മലബാർ ഐെസ്പ്ലാന്റ് " | 4 |
| 5 | 164 | 7/521 | ബിനീഷ്.എം.കെ, റിനീഷ്.എം.കെ, ഉഷസ്സ്, "എം.കെ.ബ്രദേഴ്സ് " | 5 |
| 6 | 235 | 5/357a | സുധീർ കുമാർ.കെ, ഉത്രം, കാട്ടിൽപറമ്പ്, "സ്റ്റാർ ഹോളോബ്രിക്സ്" | 4 |

| | | | | |
|---|---|---|---|---|
| 7 | 269 | 9/123a | നൗഷാദ് തയ്യിൽ, "നൈഗല്ലാസ് ഹെർബൽ ഹെൽത്ത് കെയർ " | 7 |
| 8 | 329 | 3/141f | കരുണാകരൻ നായർ, "മണാട്ട്ഇന്റർലോക്ക്" | 4 |
| 9 | 330 | 9/123b | ജനറൽ മാനേജർ, എസ്.കെ.എം "ആനിമൽ ഫീഡ്സ് & ഫുഡ്സ് ഇന്ത്യ (പ്രൈ)ലിമിറ്റഡ് " | 7 |
| 10 | 508 | 10/115c | ഷെജിൻഷാദ്.എ.ടി, ഷഹാനമൻസിൽ, "ന്യൂ ഇന്റർലോക്ക്." | 5 |
| 11 | 525 | 14/336 | അശ്വിൻ,വൈശാഖ്, സജിൻലാൽ, ജിതിൻ, ജേക്കബ്, "ഹാർഡ് നെറ്റ് ഇൻഫോ സൊല്യൂഷൻസ് " | 7 |
| 12 | 529 | 12/465x | മുഹമ്മദ് കോയ, നല്ലയിൽ "എൻ.ബി.ക്രിയേഷൻസ്" | 9 |
| 13 | 574 | 12/476a | സദറുദ്ധീൻ.ആർ, രയരോത്ത്, "ജി.മാർട്ട് സ്റ്റോർസ് " | 8 |
| 14 | 580 | 12/465c | സജീഷ്കുമാർ.കെ.വി,കോത്താംവള്ളി, "ആത്മ ദി ക്റിയേറ്റീവ് ലാബ് " | 5 |
| 15 | 595 | 7/584a | പ്രതീഷ്.എം.കെ, മാക്കണ്ടി, "എം.കെ.ബ്രദേഴ്സ് ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ്സ്" | 6 |

3) വാർഡ് അടിസ്ഥാനത്തിൽ ട്രേഡ്രേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രഡേഴ്സ് ലിസ്റ്റ് നാളിതുവരെ തയ്യാറാക്കിയിട്ടില്ല.ഇതിനാൽ ഓരോ വാർഡിലെയും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഇടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിക്കാതെ വരുന്നു. സഞ്ചയ പ്രകാരം പഞ്ചായത്തിൽ ആകെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് അനുസൃതമായി ഡി & ഒ ലൈസൻസ് നൽകിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാറുകാരന് നികുതിയിനത്തിൽ അധിക തുക അനുവദിച്ചു

01-11-2017 ലെ ജി.ഒ. (പി) 87 /2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 30-06-2017 ന് മുമ്പ് പൂർത്തിയാക്കി എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രവർത്തികൾക്ക് ജി.എസ്.ടി. ബാധകമല്ലെന്നും ആയതിന് മൂല്യ വർദ്ധിത നികുതിയാണ് ബാധകമെന്നും വ്യക്തമാക്കിയിട്ടുണ്ട്.പിന്നീട് ജി.എസ്.ടി കൗൺസിൽ ബില്ലുകളിൽ നിന്ന് ജി.എസ്.ടി 2% കിഴിവ് ചെയ്ത് നടപ്പാക്കാനുള്ള നിർദ്ദേശം 31-3-18 വരെ നീട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയിട്ടുള്ള 1-7-17 നും 31-3-18 നും ഇടയിൽ പ്രവർത്തി പൂർത്തിയാക്കി എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവർത്തികൾക്ക് ജി.എസ്സ്.ടി ഈടാക്കിയിട്ടില്ല. എന്നാൽ ചില പ്രവർത്തികളിൽ ജി.എസ്.ടി. തുക ആകെ പ്രവർത്തിമൂല്യത്തോട് കൂട്ടി കരാറുകാരന് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രൊജക്ട് | എം.ബുക്ക് പ്രവർത്തി പൂർത്തീകരിച്ച തിയ്യതി | ചെലവ് തുക | കരാറുകാരന് അനുവദിച്ച നികുതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പൂക്കാട് അങ്കണവാടി | M-book268/15-16പേജ്-28 | തനത് ഫണ്ട്- 248097 | 13462.23 | ഫൈനൽ ബില്ലിൽ നിന്ന് IT-1% |

| | | | | | |
|---|---|---|---|---|---|
| | കെട്ടിട നിർമ്മാണം 37/18<br>ശ്രീ.റഫീഖ്. പി | 30.09.2017 | ബ്ലോക്ക് ഫണ്ട്- 150000<br>ചെക്ക്- 0363279/22.11.17<br>ചെക്ക്- 3833067/28.11.17 | | kcwwf-1% എന്നിവ ഈടാക്കി അടവാക്കിയിട്ടുണ്ട് |
| 2 | ഫ്രണ്ട് ഓഫീസ് വെയ്റ്റിങ്ങ് ഹാൾ 51/18<br>ശ്രീ.റഫീഖ്.പി | M-book 300/15-16<br>പേജ്.28<br>21.09.17 | തനത് ഫണ്ട്- 370262<br>ചെക്ക് നംമ്പർ- 0365277/22.11.17 | 12520.93 | |

ആകെ 25,983

അനർഹമായി നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-2 എ.കെ.ജി മൂക്ക് ഇയ്യക്കണ്ടി മൂക്ക് റോഡ് പ്രവർത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി നൽകിയില്ല

എസ്.ഒ 136/17-18

എ.കെ.ജി മൂക്ക് ഇയ്യക്കണ്ടി മൂക്ക് റോഡ് പ്രവർത്തിക്കായി ടെണ്ടർ സമർപ്പിച്ച കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചിട്ടില്ല 24.11.2017 ലെ ടെണ്ടർ സമയത്ത് ഒരു കരാറുകാരൊന്നും പങ്കെടുക്കാത്തതിനാൽ 29.12.2017 ന് പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും ആയതിൽ പങ്കെടുത്ത രണ്ട് ടെണ്ടറുകളിൽ അധിക നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനാണ് പ്രവൃത്തി അനുവദിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കരാറുകാരൻ | ക്വോട്ടുചെയ്ത തുക | റിമാർക്ക്സ് |
|---|---|---|
| ശ്രീ.ഷമേജ് | 668197.31 | ശ്രീ. ഷമേജിന് പ്രവൃത്തി നൽകുന്നതിന് പകരം ശ്രീ. ഗോപാലന് നൽകി. |
| ശ്രീ.രാജഗോപാലൻ,<br>കലിക്കറ്റ് ഹൗസ് ബിൽഡിങ്ങ് കോ ഓപ്പറേറ്റീവ് സോസൈറ്റി | 668200.72 | |

ടെണ്ടറിൽ പങ്കെടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തിനൽകിയിരുന്നെങ്കിൽ പഞ്ചായത്തിന് പ്രവൃത്തി നടത്തിപ്പ് ലാഭകരമാകുമായിരുന്നു കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 40 b (1) പ്രകാരം പൊതു പണം ഏറ്റവും ലാഭകരമായ രീതിയിൽ ചെലവഴിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ് ഇത്തരത്തിൽ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 3-3 പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാത്തത് മൂലം

## പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്ത് 2016-17 വർഷത്തിൽ അംഗീകാരം വാങ്ങിയിട്ടുള്ള പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ 2016-17 ൽ ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാൻ കഴിയാതെ വന്നു. മാത്രമല്ല 2017-18 ൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക അനുവദിച്ചതിനാൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ പല പ്രവർത്തികൾക്കും ഫണ്ടില്ലാത്തത് മൂലം ബിൽ തുക നൽകാൻ സാധിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ തൻ വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികൾ സമയക്രമം പാലിച്ച് 2016-17 വർഷത്തിൽ തന്നെ നടപ്പിലാക്കാതെ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രം കരാറിൽ എർപ്പെട്ട് പ്രവൃത്തി ഉടങ്ങിയതിനാലാണ് പൂർത്തിയാക്കാൻ കഴിയാതെ പോയതും 2017-18 വർഷത്തെ പദ്ധതി പ്രവർത്തനത്തെ ബാധിച്ചതും.

| പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| എസ്.ഒ 11/17-18<br>പാലോത്ത് മുക്ക് അയ്യപ്പൻ കാവ് റോഡ് | 495000 | 11/17-18<br>14.8.17 |
| എസ്.ഒ 12/17-18<br>ഗൾഫ് റോഡ് നവീകരണം | 495000 | 16/17-18<br>28.9.17 |
| എസ്.ഒ 24/17-18<br>മണ്ണാർ കണ്ടി അയനി മുക്ക് റോഡ് ടാറിങ്ങ് | 217500 | 8/17-18<br>14.8.17 |
| എസ്.ഒ 25/17-18<br>ചെത്തിൽതാഴെ ഇയ്യക്കണ്ടിമുക്ക് റോഡ് ടാറിങ്ങ്. | 217652 | 25/17-18<br>17.8.17 |
| എസ്.ഒ 26/17-18<br>വെങ്ങളം കല്ലടത്താഴെ റോഡ് | 191697 | 17/17-18<br>28.9.17 |
| എസ്.ഒ 28/17-18<br>കഞ്ഞി കുളങ്ങര വെള്ളമ്പാട്ട് റോഡ് | 284683 | 2/17-18<br>10.7.17 |
| എസ്.ഒ 38/17-18<br>കോരപ്പുഴ അഴീക്കൽ റോഡ് റീ ടാറിങ്ങ്. | 219891 | 22/17-18<br>12.10.17 |
| എസ്.ഒ 44/17-18<br>നെല്ല്യോട്ട വീട്ടിൽ താഴെ റോഡ് | 277068 | 19/17-18<br>28.9.17 |
| എസ്.ഒ 45/17-18 | 284059 | 30/17-18 |

| | | |
|---|---|---|
| പോസ്റ്റ്ഓഫീസ് ഇട്ടുക്കണ്ടി റോഡ് ടാറിങ്ങ് | | 29.1.18 |
| എസ്.ഒ 46/17-18<br>വൈലേരിമുക്ക് വെള്ളാരി അമ്പലം റോഡ് | 162609 | 9/17-18<br>14.8.17 |
| എസ്.ഒ 47/17-18<br>ചിറ്റേടത്ത് റോഡ് ടാറിങ്ങ് | 294258 | 5/17-18<br>24.8.17 |
| എസ്.ഒ 48/17-18<br>രാമകൃഷ്ണ ലിങ്ക് റോഡ് റീടാറിങ്ങ് | 118674 | 60/17-18<br>24.3.18 |
| എസ്.ഒ 52/17-18<br>കെട്ടുമ്മൽ റോഡ് | 147353 | 6/17-18<br>14.8.17 |
| എസ്.ഒ 58/17-18<br>കാഞ്ഞിലശ്ശേരി പുതുശ്ശേരി റോഡ് | 199818 | 4/17-18<br>10.7.17 |
| ആകെ | 2714262 | |

2016-17 വർഷത്തിലുൾപ്പെട്ട മേൽ പ്രവൃത്തികൾ 2017-18 വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയതിനാൽ 2017-18 വർഷത്തിൽ ലഭ്യമായ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 2714262 രൂപ ചെലവഴിക്കേണ്ടി വന്നു. അതിനാൽ 2017-18 ൽ പൂർത്തിയായിട്ടും തൻ വർഷത്തെ പല പ്രവൃത്തികൾക്കും ബിൽ തുക അനുവദിക്കാൻ കഴിയാതെ വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയ തുക |
|---|---|
| എസ്.ഒ 116/17-18<br>കോയാലിക്കണ്ടി തട്ടാരികണ്ടി കണ്ണൻകണ്ടി റോഡ് | 99105 |
| എസ്.ഒ 121/17-18<br>കുഞ്ഞായൻ കണ്ടി റോഡ് | 61169 |
| എസ്.ഒ 122/17-18<br>രാമകൃഷ്ണ റോഡ് റീ ടാറിങ്ങ് | 306577 |
| എസ്.ഒ 136/17-18<br>എ.കെ.ജി മുക്ക് ഇയ്യക്കണ്ടി മുക്ക് റോഡ് | 300000 |
| എസ്.ഒ 137/17-18<br>ഹാജിമുക്ക് പടിക്കല കണ്ടി താഴെ റോഡ് | 298526 |
| എസ്.ഒ 228/17-18<br>വെള്ളാരി അമ്പലം വൈലേരി മുക്ക് | 495772 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഓരോ വർഷവും തയ്യാറാക്കുന്ന പദ്ധതികൾ മേൽ വർഷത്തിൽ തന്നെ പൂർത്തിയാക്കി ബിൽ തുക അനുവദിക്കാത്തതിനാൽ തൊട്ടടുത്ത വർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് നികുതി ഈടാക്കുന്നത് സംബന്ധിച്ച്

2017-18 വർഷത്തിൽ 1-11-2017 ലെ ജി. ഒ. (പി) 87 / 2017/ത സ്വഭവ ഉത്തരവിലെ നിർദ്ദേശപ്രകാരം 1-7 -2017 ന ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തികളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കേണ്ടതില്ല. പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് നടപ്പാക്കുന്നത്. പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരമുള്ള ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാണ് ഓവർ ഹെഡ് ചാർജ് ഡാറ്റയിൽ ഉൾപ്പെടുത്തിയത്. എന്നാൽ പ്രവർത്തിബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തൊഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. ആയതിനാൽ കരാറുകാരനിൽ നിന്ന് ജി.എസ്.ടി. ഈടാക്കാത്ത സാഹചര്യത്തിൽ ഓവർ ഹെഡ്ചാർജിനത്തിൽ അനുവദിച്ച തുക കരാറുകാരിൽ നിന്ന് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 3-5 പൊതു മരാമത്ത് പ്രവൃത്തി -എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവർത്തന കലണ്ടർ -അപാകതകൾ

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ എസ്റ്റിമേറ്റിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആവശ്യകത സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, പദ്ധതിയുടെ ആവശ്യകത, ലക്ഷ്യം പദ്ധതി ചെലവ് റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പേർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലൂടെ വിവരങ്ങളൊന്നും തന്നെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയറിൽ നിന്നും വയൽപ്പള്ളി റോഡ് എന്ന പ്രവൃത്തിയുടെ പ്രൊജക്ട് റിപ്പോർട്ട് (പ്രോജക്ട് നം. 106/17-18) പ്രിന്റ് പരിശോധിച്ചപ്പോൾ വളരെ ചുരുക്കിയാണ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി കാണുന്നത്. 400000 രൂപ ചെലവുള്ള പ്രവൃത്തിയിൽ wwm ലെയർ MSS ടാർ എന്നിവ ഉൾക്കൊള്ളുന്ന എന്നും MORD സ്പെസിഫിക്കേഷൻ ആണെന്നും, കോസ്റ്റ് ഇൻഡക്സ് എത്രയെന്നും മാത്രമാണ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുള്ളത്. പ്രൊജക്ട് റിപ്പോർട്ടുകളിലെ അപാകത പദ്ധതി ഫയലുകൾ പരിശോധിക്കുന്നതിന് പ്രയാസമുണ്ടാക്കുന്നുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിലൊന്നിലും പ്രവൃത്തി പൂർത്തീകരിയ്ക്കേണ്ട കാലാവധി വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിലോ, കരാർ വ്യവസ്ഥകളിലോ പ്രവർത്തന കലണ്ടർ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരണം പരിശോധിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും തടസ്സമാകുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 3-6 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : അസി.സെക്രട്ടറി

അടങ്കൽ : 9,50,400/- വികസനഫണ്ട് എസ്.സി.പി

ചെലവ് : 6,62,400/-

വിവിധ കോളേജുകളിൽ പഠിക്കുന്ന പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന മേൽ പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം മൂന്നു സ്ഥാപനങ്ങൾ പങ്കെടുത്തു. കോഴിക്കോടുള്ള സിഡ്കോയും (പുതിയറ), ബിസയർ പവർ സൊല്യൂഷ്യൻസ് (മലാപറമ്പ്), ഗ്രീൻ ചാനൽ സൊല്യൂഷൻസ് (വെസ്റ്റ്ഹിൽ) എന്നീ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ടെണ്ടർ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

- ബന്ധപ്പെട്ട ഫയലിൽ ടെണ്ടർ ഫോറത്തിനൊപ്പം നൽകിയ ടെണ്ടർ ഷെഡ്യൂൾ (സ്പെസിഫിക്കേഷൻ വിവരം) ഫയലിൽ ലഭ്യമല്ല.
- ടെണ്ടറുകൾ പഞ്ചായത്തിൽ ലഭിച്ച തിയ്യതി, ടെണ്ടർ തുറന്ന സമയം, ആരുടെ സാന്നിദ്ധ്യത്തിൽ തുറന്നു എന്നുള്ള

വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

- പങ്കെടുത്ത മൂന്നു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്ക് താഴെ കൊടുക്കുന്നു,

| സിഡ്കോ | ബിസയർ പവർ സൊല്യൂഷൻസ് | ഗ്രീൻ ചാനൽ സൊല്യൂഷൻസ് |
|---|---|---|
| ഏസർ ലാപ്ടോപ് i3, 4gb, 1TB, 5year warrenty, windows<br>വില - 28850/- | 1.ഏസർ ലാപ്ടോപ് i3, 4gb, 1TB, 5year warrenty,<br>വില – 29490/-<br>2.ലെനോവ ലാപ്ടോപ് , ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ളത് എന്നെഴുതി<br>വില – 29990/-<br>3.ഏസർ ലാപ്ടോപ്, ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ളത് എന്നെഴുതി<br>വില - 28800/- | ഏസർ ലാപ്ടോപ്, ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ളത് എന്നെഴുതി<br>വില - 29990/- |

ഇതിൽ ബിസയർ നൽകിയ ടെണ്ടറിൽ ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപിന് രണ്ടു നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ കുറഞ്ഞ നിരക്കായ 28800/- രൂപയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും, ഇവരിൽ നിന്ന് സാധനം വാങ്ങുകയും ചെയ്തു. ബിസയർ നൽകിയ ടെണ്ടറിൽ ലാപ്ടോപിലെ ഓപ്പറേറ്റിംഗ് സിസ്റ്റം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ കാണുന്നില്ല. എന്നാൽ സിഡ്കോ വിൻഡോസ് ഉൾപ്പെടുന്ന ലാപ്ടോപിന്റെ വിലയാണ് രേഖപ്പെടുത്തിയിരുന്നത്. വാങ്ങിയ ലാപ്ടോപ് സ്പെസിപിക്കേഷനുകൾ പാലിക്കുന്നുവെന്ന് പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയപ്പോഴും, ഓപ്പറേറ്റിംഗ് സിസ്റ്റത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

ഒരു സ്ഥാപനം ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിലുള്ള സാധനത്തിന് വ്യത്യസ്ത നിരക്ക് ക്വാട്ട് ചെയ്യാനുണ്ടായ സാഹചര്യവും, ഇത് അടിസ്ഥാനപ്പെടുത്തി ടെണ്ടർ പ്രസ്തുത സ്ഥാപനത്തിന് നൽകാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി, വ്യത്യസ്ത നിരക്ക് കാണിക്കാനുണ്ടായ സാഹചര്യം പ്രസ്തുത സ്ഥാപനത്തിനോട് അന്വേഷിച്ചപ്പോൾ പ്രോസസ്സറിലുള്ള മാറ്റമാണ് കാരണം എന്നറിയിച്ചുവെന്നാണ്. എന്നാൽ പ്രോസസറിലുള്ള മേൽ മാറ്റം ടെണ്ടറിൽ കാണിക്കാതെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാതെ സ്ഥാപനത്തെ തെരെഞ്ഞെടുത്തതും വാങ്ങൽ നടപടികൾ സ്വീകരിച്ചതും സുതാര്യതയ്ക്കും, ചെലവ് കുറയ്ക്കുന്നതിനും തടസ്സമാകുന്നു. പർച്ചേസ് വിഷയത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനും, പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പഞ്ചായത്തിലേയ്ക്കും, ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടർ വാങ്ങൽ - നടപടിയിലെ അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളിൽ പഞ്ചായത്തിലേയ്ക്കും, ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര്/ നമ്പർ | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (പ്രോ.നം.2/18, സ്പിൽ ഓവർ) | ഗ്രാമപഞ്ചായത്ത് മോഡേണൈസേഷൻ(പ്രോ.നം.170/18) |
|---|---|---|

| | | |
|---|---|---|
| അടങ്കൽ | 41,000/- സംരക്ഷണഗ്രാന്റ് റോഡിതരം | 4,00,000/- തനതുഫണ്ട് |
| ചെലവ് | 41,000/-<br>(ബിൽ നം. 19/17-18/1.3.18)<br>(1 കമ്പ്യൂട്ടർ) | 1,84,710/-<br>(4 കമ്പ്യൂട്ടർ) |

മേൽ പ്രോജക്ടുകളിലൂടെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഒരു കമ്പ്യൂട്ടറും, പഞ്ചായത്തിലേയ്ക്ക് നാല് കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്. ഈ രണ്ടു പദ്ധതികളിലും ടെണ്ടർ നടപടികളിൽ പങ്കെടുത്തിരിക്കുന്നത് സിഡ്കോയും, ബിസയർ പവർ സൊല്യൂഷൻസ് എന്ന സ്ഥാപനവുമാണ്. രണ്ടു സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സിഡ്കോ | ഏസർ കമ്പ്യൂട്ടർ - 44,850/- |
| ബിസയർ പവർ സൊല്യൂഷൻസ് | ഏസർ/ലെനോവ കമ്പ്യൂട്ടർ - 45,890/-<br>മൂന്ന് വർഷ വാറണ്ടി<br>49,890/- അഞ്ച് വർഷ വാറണ്ടി |

ഈ രണ്ടു പദ്ധതികളിലും സിഡ്കോയാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്. 21.10.2017 ലെ 4/4 നമ്പർ ഭരണസമിതി തീരുമാനത്തിൽ, മുൻവർഷം സിഡ്കോയ്ക്ക് സപ്ലൈ ഓർഡർ നൽകിയിട്ടും വിതരണം ചെയ്യാതിരുന്നതിനാൽ സിഡ്കോയെ ഒഴിവാക്കാനും, ആദ്യ പദ്ധതിയ്ക്കായി(സ്പിൽ ഓവർ), അടങ്കൽ തുകയ്ക്ക് അതായത് 41,000/- രൂപയ്ക്ക് കമ്പ്യൂട്ടർ നൽകാൻ തയ്യാറാണെന്നും, രണ്ടാമത്തെ പദ്ധതിയ്ക്ക് 44,000/- രൂപയ്ക്കും വിതരണം ചെയ്യാമെന്ന് ബിസയർ പവർ സൊല്യൂഷൻസ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടറുകൾ വാങ്ങാൻ തീരുമാനിച്ചു. മുൻവർഷം സിഡ്കോ കമ്പ്യൂട്ടർ സപ്ലൈ ചെയ്യാതിരിക്കാനുള്ള സാഹചര്യമെന്തായിരുന്നെന്നും, ആ സമയം സിഡ്കോയ്ക്കെതിരെ സ്വീകരിച്ച നടപടിയെന്തായിരുന്നെന്നും ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. സിഡ്കോയെ ഒഴിവാക്കിയപ്പോൾ ടെണ്ടർ നടപടിയിൽ ഉറപ്പാക്കേണ്ട വിലയുടെ മത്സരാധിഷ്ഠിത താരതമ്യപ്പെടുത്തലിനുള്ള സാഹചര്യം ഇല്ലാതായി. ഈ സാഹചര്യത്തിൽ റീടെണ്ടറിനുള്ള സാധ്യത പരിശോധിക്കാതെയാണ് പങ്കെടുത്ത മറ്റു സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടറുകൾ വാങ്ങിയത്. മുൻവർഷം സിഡ്കോ സപ്ലൈ ചെയ്യാതിരുന്ന പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കുകയുണ്ടായില്ല. മാത്രമല്ല കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ കാണിച്ച് വില ക്വാട്ട് ചെയ്യുന്നതിന് പകരം കമ്പനി അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചതും അംഗീകരിച്ചതും പ്രോക്യുർമെന്റ് നടപടികൾക്ക് വിരുദ്ധമാണ്. മേൽ വിവരിച്ച രീതിയിൽ സർക്കാർ നിർദ്ദേശങ്ങൾ ഉറപ്പാക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## **3-8** പ്രോജക്ടുകൾ നടപ്പിലാക്കാൻ കാലതാമസം-വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

പ്രോജക്ട് നം 97, 99/17-18 (ഗണിതം മധുരം, ഇംഗ്ലീഷ് ക്ലിനിക്ക്)

ചെലവ് തുക-38347

ഫണ്ട്- തനത് ഫണ്ട്

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ മേൽ പരാമർശിച്ച രണ്ട് പ്രോജക്ടുകൾ പ്രകാരം കുട്ടികളുടെ ഇംഗ്ലീഷ്, ഗണിതം എന്നിവയുടെ പഠന നിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നു. ഇവയ്ക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും യഥാക്രമം 13347,25000 ചെലവ് വന്നിട്ടുണ്ട്. ഇംഗ്ലീഷ് ക്ലിനിക്ക് എന്ന പ്രോജക്ടിൽ ഫെയ്ത്ത്ബുക്ക് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴി ഇംഗ്ലീഷ് സ്റ്റോറി കാർഡ് 11 എണ്ണം, ഗണിതം മധുരം എന്ന പദ്ധതിയിൽ ഹരിതം അസ്സോസിയേറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഫ്രാക്ഷൻ ബോർഡ്, യൂണിറ്റ് ക്യൂബ് മുതലായവ വാങ്ങുകയും 4 ഗവ.സ്കൂളുകൾക്കും 7 എയ്ഡഡ് സ്കൂളുകൾക്കും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടു പ്രോജക്ട്കളും നടപ്പിലാക്കിയത് ഡിസംബർ മാസങ്ങളിലാണ്. സ്കൂളുകളിൽ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ നടപ്പിലാക്കുമ്പോൾ മാത്രമാണ് പ്രസ്തുത പ്രോജക്ടിന്റെ പ്രയോജനം കുട്ടികൾക്ക് പ്രയോജനപ്പെടുന്നതും പഠനനിലവാരം ഉയർത്താൻ സഹായിക്കുന്നതും. പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-9 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്.മുഴുവൻ തുകയും ലഭ്യമായില്ല.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ട് അനുസരിച്ച് 69 പേരെ ഗുണഭോക്താക്കളായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ഇതിനായി 12,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ട് വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 6,00,000 | 6,00,000 | 6,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 3,00,000 | 3,00,000 |
| ജില്ലാ പഞ്ചായത്ത് | 3,00,000 | ഇല്ല | |
| ആകെ | 12,00,000 | 9,00,000 | 9,00,000 |

69 ഗുണഭോക്താക്കളിൽ 53 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2017- 18 വാർഷിക പദ്ധതി ജി ഒ (എം എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017 പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. (ഇതിൽ ഉല്ലാസ യാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടെയാണ്).

ജില്ലാ പഞ്ചായത്തിൽനിന്നും ലഭിക്കാനുള്ള 3,00,000 രൂപ 2017-18ൽ ലഭ്യമല്ലാത്തതിനാൽ ഓരോ കുട്ടിക്കും 14835 രൂപ നിരക്കിൽ മാത്രമാണ് വിതരണം ചെയ്തത്. സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇവർക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ജില്ലാവിഹിതം ലഭിക്കാത്തതിനാലാണ്. ഇതേ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ ഇവർക്ക് സ്കോളർഷിപ്പ്-ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സമൂഹത്തിലെ ദുർബലരായിട്ടുള്ള ഇവർക്ക് മുഴുവൻ തുക അനുവദിക്കുന്നതിനും ലഭിക്കാനുള്ള മുഴുവൻ വിഹിതവും ലഭ്യമായോ എന്ന വിഷയത്തിലും ബന്ധപ്പെട്ട ഭരണസമിതി ശ്രദ്ധ പതിപ്പിച്ചില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-10 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യം കുറവ് പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (ഏം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2 പ്രകാരം അങ്കണവാടികൾക്ക്അടിസാഥാന സൗകര്യങ്ങളായ സ്ഥലം കെട്ടിടം മുതലായവ പ്രധാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ട്.

ചേമഞ്ചേരിഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 34 അങ്കണവാടികളിൽ 30 എണ്ണം സ്വന്തം കെട്ടിടങ്ങളിലും, 3 എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം ഷെഡ്ഡിലും പ്രവർത്തിക്കുന്നു. കൂടാതെ മുഴുവൻ അംഗൻവാടികളിലും കുടിവെള്ളത്തിനുള്ള സൗകര്യവും നടപ്പിലാക്കി കാണുന്നില്ല. 2017-18 സ്റ്റാറ്റസ് റിപ്പോർട്ടിലും, പദ്ധതിരേഖ പ്രസ്തുത വിഷയത്തിൽ ഭരണസമിതി വേണ്ടത്ര ശ്രദ്ധ പതിപ്പിച്ച് കാണുന്നില്ല. തുടർ വർഷങ്ങളിൽ മേൽ സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-11 ആയുർവ്വേദ ആശുപത്രിക്കു മരുന്നു വാങ്ങൽ - മരുന്നുകൾ മുഴുവനും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ PHC നടപ്പിലാക്കിയ (Project No. 160/18) പദ്ധതി പ്രകാരം ആയുർവ്വേദ ആശുപത്രയിലേക്കു മരുന്ന് വാങ്ങുന്നതിനായി 4,00,000/- രൂപ ഔഷധിക്ക് 19.10.17 ന് നൽകിയിരുന്നു. എന്നാൽ

നാളിതുവരെയായി (ഒരു വർഷത്തിനു ശേഷവും) ഔഷധിയിൽ നിന്നും ആകെ ലഭിച്ചത് 98151/- രൂപയുടെ മരുന്നുകൾ മാത്രമാണ്. ബാക്കി 301849/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭ്യമാക്കാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 301849/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-12 സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത തുക തിരികെ നൽകിയില്ല

2017-18 വർഷത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സംയുക്തമായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗം പദ്ധതികളും പൂർത്തീകരിച്ചെങ്കിലും വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക അതാതു തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും | 2,79,848 | 20,152 |
| | | 1,00,000 | വയലാട്ട് താഴെ കുടിവെള്ള പദ്ധതി | 87,367 | 12,633 |
| | | 2,00,000 | പകൽ വീട് | 1,34,952 | 65,048 |
| | | 5,00,000 | കോട്ടക്കൽതാഴെ കുടിവെള്ള പദ്ധതി | 2,48,000 | 2,52,000 |
| ജില്ലാ പഞ്ചായത്ത് | | 5,00,000 | കരിമുണ്ട്യാടികുനി കുടിവെള്ള പദ്ധതി | 1,87,504 | 3,12,496 |
| ആകെ | | | | | 6,62,329 |

ഇതിന് പുറമേ 2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്തമായി വിഭാവനം ചെയ്ത രണ്ടു പദ്ധതികൾക്കായി മേൽ വർഷം ലഭിച്ച തുകകളിൽ താഴെ ചേർക്കും വിധം പഞ്ചായത്തു ഫണ്ടിൽ തുക ചെലവഴിക്കാതെ ബാക്കിയുണ്ട്.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 20,00,000 | നായനാർ മിനി സ്റ്റേഡിയം നിർമ്മാണം | 17,36,399 | 2,63,601 |
| | | 10,00,000 | കുനിയിൽ താഴെ കുടിവെള്ളപദ്ധതി | 8,75,056 | 1,24,944 |
| ആകെ | | | | | 3,88,545 |

മുകളിൽ വിവരിച്ച പ്രകാരം ആകെ 10,50,874 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 ഒ.ഡി.എഫ്. ഫണ്ട് ലഭിച്ചത് വികസന ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയില്ല

2016-17 വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി സമ്പൂർണ്ണ ശൗചാലയം എന്ന പദ്ധതി (പ്രോ.നം.181/17) നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അടങ്കൽ | ചെലവ് |
|---|---|
| 20,17,400 - 19,46,000 വികസനഫണ്ട് ജനറൽ<br>71400 തനതുഫണ്ട് | 19,46,000<br>71400 |

2016-17, 2017-18 വർഷങ്ങളിലായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ നടത്തിപ്പിനായി 13,83,400/-രൂപ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. മേൽ പദ്ധതിക്കായി തുകകൾ നിക്ഷേപിക്കുന്നത് കേരള ഗ്രാമീൺ ബാങ്കിന്റെ 6518 എന്ന അക്കൗണ്ടിലാണ്. തുക അക്കൗണ്ടിൽ ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തുക | ക്രെഡിറ്റ് ആയ തിയ്യതി |
|---|---|
| 6,41,900 | 08.02.2018 |
| 6,28,800 | 05.04.2018 |
| 1,12,700 | 22.06.2018 |
| ആകെ | 13,83,400 |

പഞ്ചായത്തിനു ലഭിച്ച വികസനഫണ്ടുപയോഗിച്ച് പദ്ധതി നടത്തിയതിനാൽ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. തുക തിരികെ അടവാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 വീട് വാസയോഗ്യമാക്കൽ (ജനറൽ)- ചെലവഴിക്കാത്ത തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടച്ചില്ല

പ്രോജക്റ്റ് നമ്പർ 82/18 ആയി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിലെ ഗുണഭോക്താവ് ശ്രീമതി. സക്കീന, പടിഞ്ഞാറെ മണ്ണങ്ങാടി എന്നയാൾക്ക് മുൻകൂറായി 50,000 രൂപ അനുവദിച്ചിരുന്നു. (ബിൽ നം.8/17-18/17.11.2017- തുക 4,00,000/-). ഗുണഭോക്താവ് പ്രവർത്തി നടത്താത്തതിനാൽ പ്രസ്തുത തുക തിരികെ ലഭ്യമാക്കി നിർവ്വഹണോദ്യോഗസ്ഥൻ 5.3.2018 ന് ഇൻവേഡ് നമ്പർ 1730/18 പ്രകാരം പഞ്ചായത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രസ്തുത തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. തുക തിരിച്ചടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 13/17-18) മറുപടി ലഭിച്ചില്ല. തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 ശമ്പള പരിഷ്കരണം - പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

2017-18 വർഷത്തെ തനത് ഫണ്ട് പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി 1.7.2014 മുതൽ 31.1.16 വരെയുള്ള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നു. ശമ്പള പരിഷ്കരണ ഉത്തരവ് നം. (പി) 7/2016 ഫിൻ. തീയതി 20.01.2016 ഖണ്ഡിക 48 (I) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല - 1. 4.2013 ന് മുൻപ് സേവനത്തിൽ

പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയതിനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി അറിയിക്കേണ്ടതാണ്.

## 3-16 സാക്ഷരതാ പ്രേരക്മാർക്ക് ഹൊണറേറിയം- വിശദാംശം ലഭ്യമാക്കേണ്ടതാണ്

2017-18 വർഷത്തിൽ ( 1/2017 മുതൽ 31. 3.17 വരെ) സാക്ഷരതാ പ്രേരക്മാർക്ക് TA, ഹോണറേറിയം എന്നീ ഇനങ്ങളിൽ നൽകിയ 102714 /- രൂപ നിലവിലും പഞ്ചായത്തിന് തിരികെ ലഭിച്ചതായി കാണുന്നില്ല. സാക്ഷരതാ മിഷനിൽ നിന്ന് യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുകയും ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്. 1/2017 മുതൽ 31.3.17 വരെ സാക്ഷരതക്കായി ചെലവഴിച്ച തുകയുടെ വിശദവിവരം സാക്ഷരതാ മിഷനെ അറിയിച്ച് തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നില്ല.

2017-18 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ച് 2002-03 കാലയളവ് മുതലുള്ള പല വിധത്തിലുമുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റായി തന്നെ തുടരുന്നുണ്ട്. KFC Vol-I ആർട്ടിക്കിൾ 281 പ്രകാരം, കാലാവധി കഴിഞ്ഞ, നിലനിർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു വരവ് വച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ഇ.എം.ഡി.തുക അക്കൗണ്ടിൽ നിക്ഷേപിയാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ വാങ്ങുന്നതിനായി ടെണ്ടർ വിളിച്ചതിന്റെ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതികൾക്കായുള്ള ടെണ്ടറിൽ പങ്കെടുക്കുന്നവരിൽ നിന്ന് ഇ.എം.ഡി യായി സ്വീകരിക്കുന്ന ഡി.ഡി കൾ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഉദാഹരണം കലിക്കറ്റ് കോപ്പറേറ്റീവ് ഹൗസ് ബിൽഡിങ്ങ് സൊസൈറ്റി സമർപ്പിച്ചിട്ടുള്ള 22000 രൂപയുടെ ഡി.ഡി (നമ്പർ 383462, തിയ്യതി 27.12.16) 27.08.2010 ലെ 80/2010/ധന. നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.ഡി. തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതിരിക്കുന്നതിനാൽ പഞ്ചായത്തിന് പലിശയിനത്തിൽ ലഭിച്ചേക്കാവുന്ന തുക നഷ്ടപ്പെടുകയും കരാറുകാർക്ക് തുക തിരിച്ചു നൽകേണ്ട സാഹചര്യത്തിൽപഞ്ചായത്തിന് ഫണ്ടിൽ നിന്ന് ഈ തുക നൽകാൻ കഴിയാത്ത സാഹചര്യവും പഞ്ചായത്തിന് അധിക ചെലവ് ഉണ്ടാകുന്നതിനും ഇടയാക്കുന്നു. കൂടാതെ തുക ക്ലെയിം ചെയ്യാതെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചുവയ്ക്കുന്നത് ഡി.ഡി. കാലഹരണ പ്പെടുന്നതിനുമിടയാക്കുമെന്നതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലഹരണപ്പെടുന്നതിന് കാരണമാകുന്നു. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-19 പഞ്ചായത്തിലെ സാധന സാമഗ്രികൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പഞ്ചായത്തിലേയ്ക്കാവശ്യമായ വിവിധ ഫർണീച്ചറുകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം ഓരോ പദ്ധതിയുടെ പേരിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിലാണ് ചേർത്തിട്ടുള്ളത്. എന്നാൽ ഇവ പഞ്ചായത്തിലെ പ്രധാന സ്റ്റോക്കിലേയ്ക്ക് ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടപടികളുടെ ഭാഗമായി വൻതുകയ്ക്കുള്ള സാധന സാമഗ്രികൾ 2017-18 വർഷത്തിൽ തന്നെ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ മീറ്റിംഗ് ഹാൾ, പഞ്ചായത്ത് ഓഫീസ് മുറികൾ, പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ എന്നിവരുടെ മുറികളിലെല്ലാം പുതിയ ഫർണീച്ചറുകളാണ് (മേശ, കസേര, സൈഡ് റാക്കുകൾ, അലമാരകൾ തുടങ്ങി) നിലവിലുള്ളത്. പുതിയ ഫർണീച്ചറുകൾ വാങ്ങുന്നതിനു മുമ്പുള്ള ഫർണീച്ചറുകളുടെ സ്റ്റോക്ക് പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. പഴയ ഫർണീച്ചറുകളുടെ സ്റ്റോക്കും, ഇവ നിലവിൽ എപ്രകാരം ഉപയോഗിക്കുന്നുവെന്നതിന്റെ സംബന്ധിച്ച വിവരവും അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പഞ്ചായത്തിലെ മുഴുവൻ സാധന സാമഗ്രികളുടേയും ഇനം തിരിച്ചുള്ള സ്റ്റോക്കും

(പുതിയതും, പഴയതും), ഇവ എപ്രകാരം ഉപയോഗപ്പെടുത്തുന്നുവെന്ന വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-20 തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വാങ്ങൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 5 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 31.12.2016 ലെ II(3) നം. തീരുമാനപ്രകാരം ടെണ്ടർ അംഗീകരിയ്ക്കുകയും ചെയ്തു. പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾതാഴെകൊടുക്കുന്നു.

5 പ്രവർത്തികളിലും ഒരേ ഇനത്തിലുള്ള മെറ്റീരിയലുകളാണ് ആവശ്യ മുള്ളതെങ്കിലും 5 ടെണ്ടറുകളും ഒരുമിച്ച് നടത്തുകയും ഓരോ പ്രവൃത്തിയിലും പ്രത്യേകമായി കരാറുകാർ നിരക്ക് ക്വോട്ട ചെയ്യുകയുമാണ് ചെയ്തത്. എല്ലാ പ്രവൃത്തികൾക്കും കൂടി 8,52,270 രൂപയുടെ മെറ്റീരിയൽ ആവശ്യം കണക്കാക്കിയിട്ടുള്ള ഈ പ്രവൃത്തികളിൽ ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ട്. സ.ഉ(പി) 524/15/ധനം തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ- ടെണ്ടർ ചെയ്യേണ്ടതാണെങ്കിലും മേൽ പ്രവൃത്തികൾ ഇ- ടെണ്ടർ ചെയ്തിട്ടില്ല.

ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളിൽ ഓരോ ഇനത്തിനുമുള്ള തുക വെവ്വേറെ ക്വാട്ട് ചെയ്യുന്നതിന് പകരം ഒരോ പ്രവൃത്തികൾക്കും ആവശ്യമായ സാധനങ്ങളുടെ വില ഒന്നിച്ച് ക്വാട്ട് ചെയ്യുകയാണ് ചെയ്തത്.

5 പ്രവർത്തികളിലും കരാർ നൽകിയിട്ടുള്ളത് കലിക്കറ്റ് കോപ്പറേറ്റീവ് ഹൗസ് ബിൽഡിങ്ങ് സോസൈറ്റി എന്ന സ്ഥാപനത്തിനാണ്. എന്നാ ൽ ഈ സ്ഥാപനം 5 പ്രവൃത്തികൾക്കും വ്യത്യസ്ത നിരക്കാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. മാത്രമല്ല ടി സ്ഥാപനം ഇത്തരം മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിനുള്ള ആധികാരികതയും ടെണ്ടർ രേഖകളിൽ ലഭ്യമല്ല. അംഗീകൃത ഡീലർമാർ/ വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നതിന് പകരം മേൽ സ്ഥാപനത്തിൽ സപ്ലൈ ഓർഡർ നൽകിയ നടപടിയും ക്രമത്തിലല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ കോസ്റ്റ് | കരാറുകാരൻ ക്വോട്ട്ചെയ്ത നിരക്ക് |
|---|---|---|
| ശാദി മഹൽ മുകച്ചോരി ഫൂട്പാത്ത് | 280425.02 | 12.17% കുറവ് |
| കാഞ്ഞിലശ്ശേരി വാളാർകുന്ന് റോഡ് | 280967.85 | 12.88% കുറവ് |
| പള്ളിയറ മറിമുണ്ട്യാടിക്കുന്ന്ഫൂട്പാത്ത് | 79734.30 | 11.55% കുറവ് |
| കഞ്ഞികളങ്ങര മാത്തിൽ ഫൂട്പാത്ത് | 186284.62 | 16.33% കുറവ് |
| പള്ളിവയൽ ഫൂട്പാത്ത് | 24858 | 3.33% കുറവ് |
| ആകെ | 852269.79 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിയ്ക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 85,000 | നെൽകൃഷി കൂലിചെലവ് | 85,000 | -- |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | 3,00,000 | പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും | 2,79,848 | 20,152 |
| | | 3,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 | -- |
| | | 1,00,000 | വയലാട്ട് താഴെ കുടിവെള്ള പദ്ധതി | 87,367 | 12,633 |
| | | 3,00,000 | പൂതുവനം കുനി കുടിവെള്ള പദ്ധതി**(പ്രോ.നം.31/18) | 3,00,000 | -- |
| | | 5,00,000 | മണ്ണാർക്കണ്ടി കുടിവെള്ള പദ്ധതി | -- | 5,00,000 |
| | | 1,50,000 | പൂക്കാട് അങ്കണവാടി കെട്ടിട നിർമ്മാണം | 1,50,000 | -- |
| | | 2,00,000 | പകൽ വീട് | 1,34,952 | 65,048 |
| | | 3,00,000 | വയോജന വിശ്രമകേന്ദ്രം | -- | 3,00,000 |
| | | 5,00,000 | കോട്ടക്കൽതാഴെ കുടിവെള്ള പദ്ധതി | 2,48,000 | 2,52,000 |
| | | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | -- |
| ജില്ല പഞ്ചായത്ത് | 2017-18 | 85,000 | നെൽകൃഷി കൂലിചെലവ് | 85,000 | -- |
| | | 3,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | -- | 3,00,000 |
| | | 20,00,000 | നായനാർ മിനി സ്റ്റേഡിയം നിർമ്മാണം | -- | 20,00,000 |
| | | 5,00,000 | കരിമുണ്ട്യാടികുനി | 1,87,504 | 3,12,496 |

| | | | | |
|---|---|---|---|---|
| | | കുടിവെള്ള പദ്ധതി | | |
| | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | -- |
| | 25,00,000 | മണലികണ്ടി മുനമ്പത്ത് വി.സി.ബി. നിർമ്മാണം | -- | 25,00,000 |
| | 50,000 | ക്ഷീരഗ്രാമം വനിത | 50,000 | -- |

**പുതുവനം കുനി കുടിവെള്ള പദ്ധതി എന്ന പേരിൽ രണ്ടു വ്യത്യസ്ത പദ്ധതികൾ (പ്രോ.നം.31/18(സ്പിൽ ഓവർ), 147/18) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ രണ്ടു പ്രോജക്ടുകളും ബ്ലോക്ക് പഞ്ചായത്തുമായി ചേർന്നുള്ള സംയുക്ത പദ്ധതിയാണ്. രണ്ടു പദ്ധതികളിലും 5,00,000 രൂപ വീതമാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം. എന്നാൽ ആകെ 3,00,000 രൂപയാണ് മേൽ പദ്ധതിയുടെ പേരിൽ ലഭിച്ചിരിക്കുന്നത്. 2017-18 വർഷത്തിൽ ലഭിച്ച തുക ഏതു പദ്ധതിക്കായി ലഭിച്ചതാണെന്ന് വ്യക്തമല്ല.

## 4-2 <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്ത് ശ്മശാനത്തിലേക്ക് ത്രീഫേസ് ലൈൻ | ബിൽ നം.1/17-18 /10.8.2017 | 99,572 | 99,572 | -- |
| | പഞ്ചായത്തിലെവിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ബിൽ നം.23/17-18 /12.3.2018 | 11,69,820 | | 1,10,883 |
| | എസ്.സി. കോളനികളിലേയ്ക്ക് സ്ട്രീറ്റ് മെയിൻ | ബിൽ നം.21/17-18 /6.3.2018 – 23,184 ബിൽ നം.22/17-18 /6.3.2018 – 10,000 | 33,184 | 33,184 | -- |

ചെലവഴിക്കാതെ അവശേഷിക്കുന്ന 110883/- രൂപ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തിരിച്ചടവൊന്നും നടന്നിട്ടില്ല. മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ച 365900/- രൂപ ഇ.എം.എസ്. ലോണിന്റെ പലിശയിനത്തിൽ അടവാക്കേണ്ട തുകയാണ്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,34,366 |
| തൻവർഷം നിക്ഷേപിച്ച തുക | 4,73,277 |
| ആകെ | 60,07,643 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60,07,643 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 23.05.2017 | 1വർഷം | 4,60302 | |
| 2. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 23.05.2017 | 1വർഷം | 11,31,127 | |
| 3. | കെ.ഡി.സി.ബാങ്ക് കൊയിലാണ്ടി | 26.09.2017 | 1വർഷം | 3,47,461 | |
| 4. | ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 26.09.2017 | 1വർഷം | 13,23,293 | |
| 5. | ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 26.09.2017 | 1വർഷം | 27,45,460 | |
| ആകെ | | | | 60,07,643 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-00 | ഖ.26 | 300 | സി.പി.ഭാസ്കരൻ | 1117030105973/12.12.2017 |

| | | | | |
|---|---|---|---|---|
| | ഖ.27(1) | 150 | സാജൻ ജോർജ്ജ്, മാനേജർ, യൂണിറോയൽ മറൈൻ എക്സ്പോർട്സ് | 1117030105974/12.12.2017 |
| | ഖ.38(1,2,3) | 140 | പി.പി.ഭാസ്കരൻ | 1117030105975/12.12.2017 |
| | ഖ.27 | 150 | കെ.കെ.അഹമ്മദ്കുട്ടി | 1117030105976/12.12.2017 |
| 2002-03 | ഖ.6 | 1500 | മിനി കെ.സി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1117030106170/16.12.2017 |
| 2003-04 | ഖ.3-2 | 680 | കെ.കെ.ആണ്ടികുട്ടി | 1117030106207/18.12.2017 |
| | ഖ.3-6 | 25,000 | ശ്രീലക്ഷ്മി കുടുബശ്രീ | 1117030106623/03.01.2017 |
| 2016-17 | ഖ.2-5 | 6000 | പ്രിൻസിപ്പാൾ, ഇലാഹിയ ഹയർ സെക്കണ്ടറി സ്കൂൾ | 1117030100243/12.04.2017 |
| | | 1920 | പ്രിൻസിപ്പാൾ, ലോട്ടസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1117030105644/08.12.2017 |
| | | 4250 | ഡോ.കൃപാൽ, കാപ്പാട് ഹോസ്പിറ്റൽ | 1117030105947/11.12.2017 |
| | | 2640 | മാനേജർ, വാസ്കോഡഗാമ ബീച്ച് റിസോർട്ട് | 1117030105993/12.12.2017 |
| | | 2640 | മാനേജർ, വാസ്കോഡിഗാമ ബീച്ച് റിസോർട്ട് | 1117030105994/12.12.2017 |
| | | 570 | ഡോ.രാധിക, പ്രിൻസ് ക്ലിനിക് | 1117030106491/29.12.2017 |
| | | 3250 | സെക്രട്ടറി, കാപ്പാട് കോ-ഓപ്പറേറ്റീവ് അർബൺ സൊസൈറ്റി | 1117030108178/29.03.2017 |
| | | 3250 | സെക്രട്ടറി, കാപ്പാട് കോ-ഓപ്പറേറ്റീവ് അർബൺ | 1117030108179/29.03.2017 |

| | | | |
|---|---|---|---|
| | | സൊസൈറ്റി | |
| | 1380 | പ്രിൻസിപ്പാൾ, മർക്കസ് പബ്ലിക് സ്കൂൾ | 111703010814/29.03.2017 |
| | 120 | സെക്രട്ടറി, ചേമഞ്ചേരി മിൽക്ക് സൊസൈറ്റി | 1117030108228/31.03.2017 |
| | 240 | സെക്രട്ടറി, ചേമഞ്ചേരി മിൽക്ക് സൊസൈറ്റി | 1117030108229/31.03.2017 |
| | 1080 | പ്രിൻസിപ്പാൾ, എം.എസ്.എസ്. പബ്ലിക് സ്കൂൾ | 1117030108230/31.03.2017 |
| | 5000 | മാനേജർ, കനറാ ബാങ്ക്, വെങ്ങളം | 1117030400001/31.07.2017 |
| | 6250 | ഹെഡ്മാസ്റ്റർ, തുവ്വക്കോട് എൽ.പി.സ്കൂൾ | 1117030500003/18.05.2017 |
| | 23190 | യൂനിറോയൽ മറൈൻ എക്‌പോർട്സ് | 1117030500145/30.11.2017 |
| | 23010 | യൂനിറോയൽ മറൈൻ എക്‌പോർട്സ് | 1117030500146/30.11.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |

| | | | | |
|---|---|---|---|---|
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2003-04 | പൊതുപരാമർശം<br>11.13.7.14<br>116 | 2000-01 | 24 | നികുതി പിരിവിൽ അനാസ്ഥ |
| 2004-05 | പൊതുപരാമർശം<br>11.13.17<br>116 | 2002-03 | | നികുതി പിരിവിൽ അലംഭാവം |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2<br>100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.15<br>119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.18<br>132,130 | | | വിദ്യാഭ്യാസ മേഖല<br>എസ്.എസ്.എ. |
| 2013-14<br>അവലോകനം | 6.4.<br>190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2016-17 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1. | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ.എഫ്. 12333 spl.cell/ SC4/ 2000, dt. 27.5.02, 17.7.02 | 1258 | | | | | | 1258 | |
| 2. | 1996-97 | 10,12 | കെ.നാരായണൻ നമ്പൂതിരി | -ടി- | 9871 | | | | | | 9871 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,22,30,154 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,44,58,090 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25,983 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,01,849 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചെലവ് നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3(1) | 25983 | ശ്രീ. സൂരജ്. പി.ജി.<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 3,01,849 | ഡോ.സിന്ധു.കെ.പി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സിന്ധു.കെ.പി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ശിശിരം<br>അത്തോളി<br>കോഴിക്കോട് |
| ശ്രീ. സൂരജ്. പി.ജി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സ്വപ്നം<br>Near MSS School |

| | | |
|---|---|---|
| | | തണ്ണീർപന്തൽ<br>വേങ്ങേരി പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | റിമാർക്സ് |
|---|---|---|---|
| 1999-00 | പി 4/1044/11(1), തി:23.1.12 | 26, 27, 29, 30, 33, 35, 37, 38, 39, 43, 44, 45, 46 | |
| 2000-01 | പി 4/1044/11(2), തി:23.1.12 | 24, 25, 27, 29, 30, 33, 36 | |
| 2001-02 | പി 4/1044/11(3), തി:23.1.12 | 4, 5, 8, 10, 14, 15(12), 16, 17 | |
| 2002-03 | പി 4/1044/11(4), തി:23.1.12 | 6, 9, 12, 13, 15, 16 | |
| 2003-04 | പി 4/1044/11(5), തി:23.1.12 | 2-1, 3-2, 3-3, 3-5, 3-6, 3-8 | |
| 2004-05 | പി 4/1044/11(6), തി:23.1.12 | 2-2, 3-1, 3-2, 3-5, 3-6, 3-7, 3-8 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1372/08 തീയതി 09.02.2009 | 2-1, 2-2, 2-3, 2-5, 3-1 (1,2,3) 3-5, 3-6 | |
| 2006-07 | പി-5/1335/09/5-10-09 | 2-2,3-2,3-3,3-4,3-5,3-6, 3-7,3-93-10,4-1, | |
| 2008-09 | പി-4/1749/11/20-1-12 | 2-3,2-4,2-5,3-2to3-7, 3-9,3-11to3-14, 3-18,3-19,3-20 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13/282/13 തീയതി 20.07.2013 | 1-2, 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 4-2 | |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.13/632/13 തീയതി 20.07.2013 | 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 | |
| 2011-12 | p13/1549/13/11.11,13 | 1-5,2-2(1),3-3,3-4,3-5, 3-7,3-8 | |
| 2012-13,13-14 | p13/1549/13/15.10/15 | 1-5,1-9,3-1,3-2,3-4,3-5, 3-6,3-7,3-8,3-11,3-12, 3-13,3-15,3-16,3-17, 3-18,3-19,3-20,3-24, 3-26, 3-3,4-7,4-9 | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി/13 /990/2016.6.6.2016 | 2-1,2-2,2,3-2,3-3,3-4, 3-5,3-7,3-8,3-9, 3-10,3-11,3-12,3-14 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി/13 /1848/2016.2.11.2016 | 2-1,2-2,2-3,2-4,2-5, 2-6,2-7, 2-8,2-9,3-1,3-2, 3-3,3-5,3-6,3-7,3-8, 3-9, 3-10,3-11,4-9 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി/13 /1796/2017/6.10.2017 | 2-1(1),2-1(2),2-1(5), 2-1(6), 2-5,3-2,3-4,3-5, 3-7,3-8(3),(4),(5),3-9(3), (4),3-11,3-14, 3-15,3-16,3-17,3-20, 4-4 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## **അനുബന്ധം.1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി. പി.13/1/2019 തീയതി 18.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്